ശബരിമല സീസണിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ പോകുന്ന ഒന്നാണ് അതിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് ഉണ്ടാകുന്ന ഒരു പ്രദേശമാണ് പാലാടൗൺ, അതുകൊണ്ട് ആ പാലാടൗണിൽ ബൈപ്പാസ് പണിയേണ്ടത് വളരെയാവശ്യമാണ്, അത് തൊടുപുഴ നിന്ന് വരുന്നവഴി പാലാ ടൗണിൽ കട ക്കാതെ നേരെ ബൈപ്പാസ് പണിത് പാല-പൊൻകുന്നം റോഡിന്റെ ആ ഭാഗ ത്ത്പോയി ചേരുന്നതാണ്. ബൈപ്പാസ് പണിയാനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(12) കാസർഗോഡ് ജില്ലയിൽ പി.ഡബ്ല്യു.ഡി. യുടെ കീഴിൽ ഒരു ഇൻവെസ്റ്റിഗേഷൻ വിംങ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. പി. രാഘവൻ : സർ, പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ ഒരു ഇൻവെസ്റ്റിഗേഷൻ വിംങ് ആരംഭിക്കണ മെന്നുള്ളതാണ് എന്റെ ആവശ്യം. സർ, പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ നിരവധി പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചതും എ.എസ്.ഉം, എസ്.എസ്.ഉം കിട്ടിയതുമായ നിരവധി പാലങ്ങളുടെ ഇൻവെസ്റ്റി ഗേഷൻ താമസിക്കുന്നതിനാൽ വർഷങ്ങളായി നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ട് കിടക്കുകയാണ്. ഇപ്പോൾ കണ്ണൂരിലുള്ള ഓഫീസിലെ രണ്ടു ഉദ്യോഗസ്ഥൻമാരാണ് ഈ ജോലി നിർവഹിക്കുന്നത്. കണ്ണൂർ ജില്ലയിലെ പ്രവൃത്തികൾ തന്നെ ധാരാളമുണ്ട്, അതുകഴിഞ്ഞുവേണം കാസർഗോഡ് ജില്ല യിലെ കാര്യങ്ങൾ നോക്കാൻ, അതുകൊണ്ട് ഇവരുടെ സേവനം ലഭിക്കാൻ വളരെ പ്രയാസമാണ്. എന്റെ മണ്ഡലത്തിലെ 3 പാലങ്ങൾക്ക് കഴിഞ്ഞ മൂന്നു വർഷക്കാലമായി ബഡ്ജറ്റിലെ തുക ലാപ്സായി കൊണ്ടിരിക്കുകയാണ്, ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകാത്തതുകൊണ്ടാണ് ഇങ്ങനെ വന്നത്. ഉദ്യോ ഗസ്ഥൻമാർ സ്ഥലത്തുവരണമെങ്കിൽ നാട്ടുകാർ എത്രയോ തവണ നൂറ് കിലോമീറ്റർ ദൂരെയുള്ള കണ്ണൂരിൽ എത്തി അവരെ കൂട്ടിക്കൊണ്ടുവരണം. ഈ സ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാകണം. കാസർഗോഡുതന്നെ ഒരു ഇൻവെസ്റ്റിഗേഷൻ വിംങ് ഉണ്ടാക്കണം. ഇതാണെന്റെ ആവശ്യം. പുതിയ കോർപ്പറേഷൻകൂടി വന്ന സാഹചര്യത്തിൽ ധാരാളം പ്രവൃത്തികൾ ഇനിയും ജില്ലയിൽ വരുമ്പോൾ ഇതൊരു അത്യാവശ്യമായിരിക്കുകയാണ്. അതു കൊണ്ട് അടിയന്തിരമായി ഒരു ഇൻവെസ്റ്റിഗേഷൻ വിംഗ് ആരംഭിക്കാൻ ആവ ശ്യമായ നടപടിയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മലബാർ ഭാഗത്ത് കണ്ണൂരും പാലക്കാടും ജില്ലകളിലാണ് ഇൻവെസ്റ്റിഗേ ഷൻ സബ്ഡിവിഷനുകൾ ഉള്ളത്. കാസർഗോഡ് ജില്ലയിലെ ഇൻവെസ്റ്റിഗേ ഷനെ സംബന്ധിച്ച ജോലികൾ അതേ ജില്ലയിലെ റോഡ് ഡിവിഷൻകാരും, കണ്ണൂർ ജില്ലയിലെ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനുമാണ് ഏറ്റെടുത്തിരി ക്കുന്നത്. ബാക്കിയെല്ലാ സ്ഥലത്തും ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ ഉണ്ടാക്കണമെങ്കിൽ അതിന് വലിയ ബാദ്ധ്യതകളുണ്ട്. മറ്റെന്തെങ്കിലും ഡിപ്ലോ യ്മെന്റ് നടത്തുംപോൾ ആ ഡിപ്ലോയ്മെന്റ് വഴി പുതിയ തസ്തികകൾ സൃഷ്ടിക്കാതെ ഇതു തുടങ്ങാൻ കഴിയുമോ എന്ന കാര്യം പ്രത്യേകം പരി ശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly